(ഇ) ഉണ്ട്. എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ നിലവിലില്ല. ആയതിനാൽ പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ ഇല്ലാത്ത ജില്ലകളിൽ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ട പെൺകുട്ടികളെ ഗവൺമെന്റ് മഹിളാ മന്ദിരങ്ങളിലാണ് പാർപ്പിച്ചുകൊണ്ടിരുന്നത്. ഇത്തരം കുട്ടികളെ പെൺകുട്ടികൾക്കായുള്ള ചിൽഡ്രൻസ് ഹോമുകളിൽ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഉണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ഉറപ്പാക്കുകയും അവരുടെ പഠനചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഐ.സി.പി.എസ്. പദ്ധതിയിൽനിന്നും വഹിച്ച് വരുകയും ചെയ്യുന്നു.

(ജി) ബാലനീതി നിയമത്തിന്റെ പരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ജില്ലകളിൽ പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിച്ചുവരുന്നു. കേരളത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മാത്രമാണ് പെൺകുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ ഉണ്ടായിരുന്നത്. പുതിയതായി കൊല്ലം ജില്ലയിൽ രണ്ട് സ്ഥാപനങ്ങൾ (മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും കൃ.എസ്.എസ്.എസിന്റെ ആഭിമുഖ്യത്തിലും) ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കായുള്ള ഓരോ സ്ഥാപനങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ മായിത്തറയിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോം ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജുവനൈൽ ഹോം

226 (T* 3066) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിൽ എത്ര പേരെ പാർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കണക്കുകൾ പ്രത്യേകം നൽകാമോ?

### ഉത്തരം

സംസ്ഥാനത്ത് ജുവനൈൽ ഹോമുകളിൽ പാർപ്പിച്ചിട്ടുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly